26/08/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

## ഹർജി നമ്പർ **AP No. 344(3)/2020** *എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
(ഫയൽ നം.2700/*എസ്.ഐ.സി-ജി 1/2020*)

സന്നിഹിതൻ

എ. അബ്ദുൽ ഹക്കീം, സംസ്ഥാന വിവരാവകാശ കമ്മീഷണർ

തീയതി : 25.08.2022

ശ്രീ.കീഴാലഞ്ചേരി രത്നാകരൻ,
ഭാരത ക്ഷേത്ര ഭൂമി സംരക്ഷണ വേദി ചാരിറ്റബിൾ ട്രസ്റ്റ്,
തുണ്ടിയിൽ ബിൽഡിംഗ്,
റൂം നം. 5/1202, കിഴക്കേ നടക്കാവ്,
കോഴിക്കോട് – 673 006. } അപ്പീൽ ഹർജിക്കാരൻ

Vs.

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   കളക്ട്രേറ്റ്, കോഴിക്കോട്.
2. അപ്പീൽ അധികാരി &
   ചെയർമാൻ താമരശ്ശേരി താലൂക്ക് ലാന്റ് ബോർഡ്
   (ഡെപ്യൂട്ടി കളക്ടർ (എൽ.എ),
   കളക്ട്രേറ്റ്, കോഴിക്കോട്.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 10/11/2018 |
| മറുപടി ലഭ്യമാക്കിയ തീയതി | -- |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 27/06/2019 |
| മറുപടി ലഭ്യമാക്കിയ തീയതി | 22/07/2019 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 17/02/2020 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 19/02/2020 |

## ഉത്തരവ്

കോഴിക്കോട് ജില്ലയിൽ കിഴക്കേ നടക്കാവ്, തുണ്ടിയിൽ കോംപ്ലക്സിൽ റൂം. നം. 5/1202 ൽ ശ്രീ. കീഴാലഞ്ചേരി രത്നാകരൻ കോഴിക്കോട് കളക്ട്രേറ്റിലെ

എസ്.പി.ഐ.ഒ യ്ക്ക് നൽകിയ അപേക്ഷയിൽ കോഴിക്കോട് തുരുവമ്പാടി എം.എൽ.എ. ശ്രീ. ജോർജ്ജ് എം. തോമസ് എന്നവർ മിച്ചഭൂമി കൈയ്യേറ്റം നടത്തി കൈവശപ്പെടുത്തിയതായി ബന്ധപ്പെട്ട് ദൃശ്യമാധ്യമങ്ങളിൽ വന്ന വാർത്ത സംബന്ധിച്ച വിവരങ്ങളാണ് ആവശ്യപ്പെട്ടത്.

2. ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് മറുപടി ലഭിക്കാത്തതിനാൽ ടിയാൻ അപ്പീൽ അധികാരിയെ സമീപിക്കുകയും അപ്പീലധികാരി 27.06.2019 ന് മറുപടി നൽകിയതായും കാണുന്നു. ടി മറുപടി തൃപ്തികരമല്ലാത്തതിനാലാണ് ശ്രീ. കീഴാലഞ്ചേരി രത്നാകരൻ സംസ്ഥാന വിവരാവകാശ കമ്മീഷനെ സമീപിച്ചത്. കമ്മീഷൻ 14.07.2021 തീയതിയിൽ A.P.344(3)/20/SIC നമ്പർ ഫയലിൽ വിശദീകരണം ആവശ്യപ്പെടുകയും ആയതിന്റെ പകർപ്പ് അപേക്ഷകന് നൽകാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. തുടർ നടപടികളിൽ ഫയൽ തീർപ്പാക്കാത്തതിനെ തുടർന്ന് 19.08.2022 ൽ കോഴിക്കോട് നടത്തിയ ഹിയറിംഗിൽ ഈ അപ്പീൽ ഹർജി പരിഗണിച്ചു.

3. ഹിയറിംഗിൽ അപ്പീൽ ഹർജിക്കാരൻ ഹാജരായില്ല. എതിർകക്ഷികൾ ഹാജരായെങ്കിലും അപേക്ഷയ്ക്ക് വ്യക്തമായ മറുപടി ഹാജരാക്കിയില്ല. രണ്ട് കൊല്ലം മുമ്പ് നൽകിയ ഒഴുക്കൻ മറുപടിയുടെ തീരെ വായിക്കാൻ കഴിയാത്ത ഒരു പകർപ്പ് കമ്മീഷന് നൽകി വിഷയത്തിൽ നിന്നും ഊരിപ്പോകുന്ന സമീപനമാണ് ഡപ്യൂട്ടി കളക്ടർ (എൽ.എ) സ്വീകരിച്ചത്. ഈ സാഹചര്യത്തിൽ. പരാതിക്കാരൻ ആവശ്യപ്പെട്ട എല്ലാ രേഖകളുടേയും പകർപ്പും കോഴിക്കോട് ലാന്റ് ബോർഡ് ചെയർമാന്റെ കാര്യാലയത്തിലെ RDO/KKD/2623/2019-N1 നമ്പർ ഫയലും അനുബന്ധ രേഖകളുമായി അപ്പീൽ അധികാരിയായ. **ഡെപ്യൂട്ടി കളക്ടർ (എൽ.എ), കോഴിക്കോട് 2022 സെപ്റ്റംബർ 13 ന് രാവിലെ 11.30**

<u>മണിയ്ക്ക് കമ്മീഷൻ മുമ്പാകെ</u> ഹാജരാകുന്നതിന് നിർദ്ദേശിച്ചുകൊണ്ട്, ഈ അപ്പീൽ ഹർജിയിൽ കമ്മീഷൻ ഇന്നേ ദിവസം (2022 ആഗസ്റ്റ് മാസം 25-ാം തീയതി) താൽക്കാലിക ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
എ. അബ്ദുൽ ഹക്കീം
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി

vkm

RIGHT TO INFORMATION